# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ക്രൂശിതനായ യേശുവിനെപ്പോലെ സ്വയം താഴ്ത്തുക - പാപ്പാ



ക്രിസ്തീയജീവിതസരണിയിൽ മുന്നേറണമെങ്കിൽ ക്രൂശിതനായ യേശുവിനെപ്പോലെ സ്വയം താഴ്ത്തണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

വത്തിക്കാനിൽ തന്റെ വസതിയായ വിശുദ്ധ മാർത്തയുടെ നാമത്തിലുള്ള 'ദോമൂസ് സാംക്തെ മാർത്തെ' മന്ദിരത്തിലെ കപ്പേളയിൽ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ദിനത്തിൽ, അതായത്, തിങ്കളാഴ്ച (14. 09. 2015) അർപ്പിച്ച പ്രത്യഹ പ്രത്യൂഷ പൂജവേളയിൽ സുവിശേഷചിന്തകൾ പങ്കുവയ്ക്കുകയായിരുന്നു ഫ്രാൻസിസ് പാപ്പാ.

പാപത്തിനുള്ള ശിക്ഷയിൽനിന്ന് ഞങ്ങളെ മോചിപ്പിക്കുന്നതിന് ജനങ്ങൾ അപേക്ഷിച്ചപ്പോൾ ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്താൻ ദൈവം മോശയോട് കല്പിച്ച സംഭവം ദിവ്യബലിമദ്ധ്യേ വായിക്കപ്പെട്ടത് അനുസ്മരിച്ച പാപ്പാ, തിന്മയുടെ വശീകരണശക്തിയെക്കുറിച്ചു സൂചിപ്പിക്കുകയും സാത്താന്റെ ഈ വശീകരണശക്തി നമ്മെ നാശത്തിലേക്കാണ് നയിക്കുന്നതെന്ന് വിശദീകരിക്കുകയും ചെയ്തു.

സഭാഭരണത്തിനും റോമൻ കൂരിയാനവീകരണത്തിനും ആവശ്യമായ സഹായ ങ്ങൾ പാപ്പായ്ക്കേകുന്നതിനായി രൂപം നൽകപ്പെട്ടിരിക്കുന്ന ഒമ്പതംഗ കർദ്ദിനാൾ സമിതിയിലെ, ബോംബെ ആർച്ചു ബിഷപ്പ് ഓസ്വാൾഡ് ഗ്രേഷ്യസ് ഉൾപ്പടെയുള്ള എല്ലാ അംഗങ്ങളും ഈ ദിവ്യബലിയിൽ സഹകാർമ്മികരായിരുന്നു.